# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 270

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജീവനും ചൈതന്യവുമുള്ള ദൈവത്തിന്റെ വചനം വേദപുസ്തകത്തിലൂടെ വരമൊഴിയായി നമുക്ക് നൽകിയ ദൈവത്തെ സ്തുതിക്കുകയും വേദപുസ്തകസമൂഹത്തിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുവാൻ വേർതിരിച്ചിരിക്കുന്ന ദിനമാണല്ലോ വേദപുസ്തക ഞായർ. നമ്മുടെ സഭ ഈ സംവത്സരം വേദപുസ്തക ഞായറായി ആചരിക്കുന്ന **ഡിസംബർ 4-ാം** തീയതി ആരാധനാമദ്ധ്യേ ബൈബിൾ സൊസൈറ്റിക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും സ്തോത്രകാഴ്ചയിൽ ഉദാരപൂർവ്വം സഹകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. '**വേദപുസ്തകസമൂഹം - ദൈവികദൗത്യത്തിന്റെ ദാസ്യശുശ്രൂഷകർ**' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

ഭാരതത്തിലെ എല്ലാ ജനങ്ങൾക്കും അവരുടെ ഹൃദയഭാഷയിൽ, താങ്ങാനാവുന്ന വിലയ്ക്ക്, ഏറ്റവും ആകർഷകമായി ദൈവവചനം ലഭ്യമാക്കുക എന്ന നിയോഗം രണ്ട് നൂറ്റാണ്ടുകളിലേറെയായി ബൈബിൾ സൊസൈറ്റി നിർവ്വഹിക്കുന്നു. ഭാരതത്തിലെ **1652** ഭാഷകളിൽ, ബൈബിൾ സൊസൈറ്റിയുടെ ചുമതലയിൽ ഇതുവരെ 200-ൽ അധികം ഭാഷകളിൽ ദൈവവചനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 69 പരിഭാഷാ പദ്ധതികൾ പുരോഗമിക്കുന്നു. കൂടാതെ പഠനബൈബിൾ, കുട്ടികളുടെ ബൈബിൾ, ദ്വിഭാഷാ ബൈബിൾ, ശ്രാവ്യബൈബിൾ, ബ്രെയ്ലി ബൈബിൾ, ബൈബിൾ സി.ഡി.റോം എന്നിവയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേദപുസ്തക പഠനത്തിന് സഹായകരമായ **മലയാളം കൺകോഡൻസ് ബൈബിൾ** ഈ വർഷത്തെ മാരാമൺ കൺവൻഷനിൽ നാം പ്രകാശനം നിർവ്വഹിച്ചു.

1956-ൽ പ്രവർത്തനം ആരംഭിച്ച കേരള ഓക്സിലിയറി ദൈവവചന ശുശ്രൂഷയിൽ അനുഗ്രഹകരമായ 60 സംവത്സരങ്ങൾ പിന്നിടുന്നു. വ്യത്യസ്തവിശ്വാസ പാരമ്പര്യങ്ങളിലുള്ള സഭകൾ ദൈവവചനത്തിന്റെ ശുശ്രൂഷയിൽ പങ്കാളികളാകുന്നത് ശ്രേഷ്ഠമായ സാക്ഷ്യമാണ്. വജ്രജൂബിലി വർഷത്തിൽ **'മേരി ജോൺസ് ഫെലോഷിപ്പ്'** എന്ന വനിതാവിഭാഗം ബ്രാഞ്ച് തലത്തിൽ ആരംഭിക്കുന്നതാണ്. യുവജനങ്ങളിൽ വചനാഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നു.

ദൈവവചനം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുവാൻ ദൈവജനത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയും ഔദാര്യപൂർവ്വമായ സമർപ്പണവും അത്യന്താപേക്ഷിതമാണ്. ആയതിലേക്ക് ഏവരും പ്രാർത്ഥനാപൂർവ്വം തങ്ങളുടെ സ്തോത്രകാഴ്ച പ്രത്യേകം തയ്യാറാക്കി നൽകിയിട്ടുള്ള കവറുകളിൽ സമർപ്പിക്കണം. കവറിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ചകൾ മുഴുവനും ഇടവക ചുമതലക്കാർ താമസംവിനാ സഭാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ബൈബിൾ സൊസൈറ്റി ശാഖകളുടെ പ്രവർത്തനത്തിലും വിഭവസമാഹരണത്തിലും നമ്മുടെ പട്ടക്കാരും ഇടവകജനങ്ങളും സജീവമായി പങ്കുചേരുവാൻ ഉദ്ബോധിപ്പിക്കുന്നു. ലോകത്തെ രൂപാന്തരപ്പെടുത്തുന്ന ദൈവവചനത്തെ സ്വീകരിക്കുന്നതിലൂടെയും മറ്റുള്ളവർക്ക് പങ്കിടുന്നതിലൂടെയും ദൈവികദൗത്യത്തിൽ നമുക്ക് പങ്കുചേരാം.

*"അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു"* (ഫിലിപ്പിയർ 2:15) എന്ന ദൈവവചനം അനുദിനജീവിതത്തിൽ അനുഗ്രഹകരമായി ജീവിക്കുവാൻ നമ്മെ സഹായിക്കുമാറാകട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 ഒക്ടോബർ 18-ാം തീയതി,

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 270**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

**Beloved in Christ,**

Bible Sunday is the occasion to offer praise to God Almighty who has blessed us with the living and dynamic Word in the written format as the Holy Bible, and to uphold the ministry of the Bible Society. Let me exhort you to intercede for the Bible Society of India during worship and share your generous offerings as we celebrate Bible Sunday on the 4th of December 2016. The theme for this year's Bible Sunday is "***The Bible Society as a "Servant" in God's Mission: A Call and a Challenge***."

The Bible Society of India continues in its ministry for more than two centuries, with the mission of providing the Word of God in each person's heart language, in the best possible manner, at an affordable price. Of the 1652 different languages in India, Bible Society has published Scriptures in more than 200 languages. In addition, there are 69 ongoing translation projects. Bible Society has also published Study Bible, Children's Bible, Bi- Lingual Bible, Audio Bible, Braille Bible and Bible CD ROM. The ***Malayalam Concordance Bible*** was released by me in this year's Maramon Convention.

Inaugurated in 1956, the Kerala Auxiliary of the Bible Society of India completes 60 years of its blessed ministry of the Word of God. The fellowship of Churches from diverse faith traditions coming together in the ministry of the Word of God is indeed a glorious witness. The **Mary Jones Fellowship,** the women's wing of Bible Society, is being initiated in the branches during this Diamond Jubilee year with a view to strengthening the partnership of women in the ministry for the Bible cause. Programs are being charted towards facilitating greater participation of youth in the ministry of God's Word through the Bible Society.

It is only through our sincere prayers and generous giving that we can move ahead in our mission of making the Word available to everyone. All of you should prayerfully submit your offertory in the envelopes provided for the purpose; and the parish office bearers should take earnest efforts to send the whole amount collected through the Bible Sunday envelopes and in general, to the Sabha office without delay. The Clergy and the parishioners are exhorted to engage actively in the programmes and the resource mobilization initiatives of the local branches of the Bible Society. Let us join in God's mission through imbibing the life transforming Word and through sharing the Living Word with others.

May the Word "*...you shine as lights in the world, holding fast to the word of life...*" (Philippians 2:15-16) help us to make our daily living meaningful and blessed.

Grace be with you all.

Dated October 18th, 2016 from Poolatheen, Thiruvalla

**Dr. Joseph Mar Thoma Metropolitan**